# സഹയാത്രികർ




## ജി എച്ച് എസ് എടപ്പറ്റ 2018-19

## ഡിജിറ്റൽ മാഗസിൻ

# INDEX


| # TITLE | PAGE NO |
|---|---|
| 1.മാതൃവിദ്യാലയം | 6 |
| 2.വേറിട്ട വഴികൾ | 8 |
| 3.ജീവാമൃതം | 9 |
| 4.ആത്മവിശ്വാസത്തിൻറെ  അതിജീവനം | 10 |
| 5.വെളിച്ചം | 11 |
| 6.കിനാവുകളിൽ ജീവിക്കുന്ന മനുഷ്യൻ | 13 |
| 7.മണ്ടൻ | 15 |
| 8.ശങ്കരൻ നമ്പൂതിരിപ്പാട് | 17 |
| 9 സന്യാസിയുടെ  ചങ്ങാതിമാർ | 18 |
| 10.പുഴ | 22 |
| 11.ശബ്ദത്തിന് പിന്നിൽ | 24 |
| 12.കുരങ്ങൻറെ ചരിത്ര വിശേഷങ്ങൾ | 25 |
| 13.ഗണിത കഥ | 26 |
| 14.പിരിയുന്ന കൂട്ടുകാർ | 27 |

**Heartly congratulations for your joint effort... ......... You have channelised your thoughts into a Magazine ......Do grow and flourish with creativity.......**

**Wish you all the best for a brighter future............**

HM

RAMLATH K K



നാളത്തെ സ്വപ്നങ്ങൾ തേടിയുള്ള യാത്രക്കിടയിൽ.........
ജീവിതത്തിലെ സുഖമുള്ള നിമിഷങ്ങളും നിറമുള്ള സ്വപ്നങ്ങളും
നനവാർന്ന ഓർമ്മകളുംചേർത്തുവെച്ചുകൊണ്ട്.........

എൻറെ പ്രിയപ്പെട്ട കുട്ടികൾ തയ്യാറാക്കിയ" സഹയാത്രികർക്ക്"

സ്നേഹപൂർവ്വം..........

ടിൻറു.

അനുഭവങ്ങളെ അക്ഷരങ്ങളും വർണ്ണങ്ങളും കൊണ്ട്

മനോഹരമാക്കിയ എൻറെ പ്രിയപ്പെട്ട കുട്ടികൾക്ക് ഒരായിരം

ആശംസകളും അഭിനന്ദനങ്ങളും നേരുന്നു

വിനോദ്........

# മാതൃവിദ്യാലയം

അമ്മതൻ ൄവിരൽ ൄമ്പിൽ പിടിച്ച ഞാൻ

ആദ്യമായി ജീവിതം കണ്ടു.

ജീവിതത്തിൻറെ പടികൾ ചവിട്ടി

ആദ്യമായി വിദ്യാലയത്തിലെത്തി.

അന്ന് എൻ നെഞ്ച് പിടഞ്ഞു ഞാൻ എൻറെ

അമ്മതൻ  മാറിൽ അണഞ്ഞു.

കൊച്ചു കണ്ണുകൾ മെല്ലെ തുറന്നു ഞാൻ

അമ്മതൻ പൂമുഖം കണ്ടു ചിരിച്ചു.

എത്ര പിണങ്ങിയും എത്ര  ഇണങ്ങിയും

വിദ്യാലയത്തിൽ വരാൻ മടിച്ചു.

അന്നൊന്നും ഓർത്തില്ല ആ ലോകം

ഇത്ര മനോഹരമെന്ന്....

ഇന്നും കൊതിക്കുന്നു ആ ലോകം

ഒന്നുകൂടി കണ്ടീടുവാൻ ആയി ഏറെ

ആരും  എന്നും മറക്കാത്ത സ്നേഹമായി

അവരും ഇന്നെനിക്ക് ഉണ്ട്.

സ്നേഹമായി തണലായി അവർ എന്നും

എൻറെ കൂടെ ഇന്നുണ്ട്.

ഇനി ഈ നാളുകൾ വിട പറയാനായി

ഞങ്ങൾ പടിയിറങ്ങാൻ ആയി

ഈ സ്നേഹ സാഗരം എനിക്കായി

ചൊരിഞ്ഞ എൻറെ അമ്മയ്ക്ക് ഒരായിരം

ഉമ്മ.....

# വേറിട്ട വഴികൾ

സംഗീത ചക്രവർത്തി മോണാർട്ടിസ്സിനോട്  ഒരു  യുവ ഗായകൻ ചോദിച്ചു . അങ്ങ് മനോഹരമായ ഗാനങ്ങൾ ചിട്ടപ്പെടുത്തുന്നത് പോലെ എനിക്കും ചെയ്യണമെന്നുണ്ട്. ചിരിച്ചുകൊണ്ട്  പറഞ്ഞു.

"നീ ചെറുപ്പമല്ലേ....... ആദ്യമാദ്യം ചെറിയ ഗാനങ്ങൾ ചിട്ടപ്പെടുത്തി തുടങ്ങുക ".

"പക്ഷേ താങ്കൾ പത്താം വയസ്സിൽ തന്നെ അതിഗംഭീരമായ ഗാനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് ല്ലോ "....

അതാണ് യുവാവിൻറെ  പ്രശ്നം.,.!

****************************

ആര് ആരെയും പോലെയാകാൻ ശ്രമിക്കരുത്..

കാരണം നാമോരോരുത്തരും വ്യത്യസ്തരാണ്.... പറഞ്ഞു നമ്മുടെ വഴികളും വേറിട്ട താകും......

# ജീവാമൃതം




ഭൂമിയുടെ മുലപ്പാൽ എന്ന് വിളിക്കാവുന്ന ദ്രാവകം ഏത് ?

ജീവൻറെ കളിത്തൊട്ടിലാണ് ഭൂമി. ഈ ഭൂമിയിലെ മൂല്യമേറിയ ദ്രാവകമാണ് ജലം. ജലത്തിലാണ് jeevan ഉത്ഭവിച്ചതും വളർന്നതും. പിന്നീട് കരയിലേക്കു കയറിയ ജീവനെ പാലൂട്ടി വളർത്തിയത് നിലനിർത്തിയതും ജലമാണ്. ഇന്നും കുടിവെള്ള മുട്ടിയാൽ ജീവജാലങ്ങൾ മണ്ണടിയും.. മുലപ്പാൽ അത് നിത്യവും നുകർന്ന് നമുക്ക് നിലനിൽക്കാനാവൂ.. ഭൂമിയിൽ 137 കോടി ബിഗ് കിലോമീറ്റർ വെള്ളമുണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. സമുദ്രങ്ങളിലാണ് ഏറ്റവും കൂടുതൽ വെള്ളം. പർവ്വത സാനുക്കളിൽ മഞ്ഞുകട്ടയായി ധാരാളം വെള്ളമുണ്ട .ഭൂമിക്കടിയിലും ഭൂമുഖത്ത് നീരാവിയായും ജലം കാണപ്പെടുന്നു...

# ആത്മവിശ്വാസത്തിൻറെ അതിജീവനം

നിശ്ചയദാർഢ്യവും ആത്മവിശ്വാസവും കഠിനപ്രയത്നവും ഉണ്ടെങ്കിൽ ഏതൊരു കാര്യവും സാധിച്ചെടുക്കാം എന്ന ജീവിതം കൊണ്ട് തെളിയിച്ച വ്യക്തിത്വമാണ് ഹെലൻ കല്ലർ. വൈകല്യങ്ങളെ കുറിച്ച് പരിതപിക്കാതെ അവയെ എങ്ങനെ മറികടക്കാമെന്ന് ലോകത്തെ പഠിപ്പിച്ചു.ഹെലൻ 1880 ജൂൺ 27 ന് അമേരിക്കയിലെ വടക്കൻ അലബാമയിലെ ഒരു ഗ്രാമത്തിലാണ് ജനിച്ചത്. 19 മാസം മാത്രം പ്രായമുള്ളപ്പോഴാണ് മസ്തിഷ്കജ്വരം ബാധിച്ച കൊച്ചു കാഴ്ചയും കേൾവിയും നഷ്ടപ്പെടുന്നത്. കുട്ടി മരിച്ചുപോകുമെന്ന് ഡോക്ടർമാർ വിധിയെഴുതി. എന്നാൽ ദൈവം ഹെലൻ മറ്റൊരു ജന്മം നൽകി .പക്ഷേ ആ ജന്മത്തിന് ശബ്ദവും വെളിച്ചവും ഇല്ലായിരുന്നു .ചെറുപ്പകാലത്ത് താൻ മറ്റുള്ളവരിൽ തൃസ്ഥ ആണെന്ന് ഹെലൻ അറിഞ്ഞിരുന്നില്ല .ഒന്നും കേൾക്കാത്തതിനാ ഒന്നും പറയാനും പഠിച്ചില്ല. മറ്റുള്ളവരുടെ സാന്നിധ്യവും സാമിപ്യവും എല്ലാം ഹെലൻ ആസ്വദിച്ചു ചില സന്ദർഭങ്ങളിൽ മറ്റുള്ളവർക്ക് തനിക്കില്ലാത്ത എന്തോ ഒരു ശക്തി ,വായ തുറന്നു സംസാരിക്കാനുള്ള കഴിവുണ്ടെന്ന് ,തിരിച്ചറിഞ്ഞപ്പോൾ അവൾ അസ്വസ്ഥയായി .ഉറക്കെ ശബ്ദമുണ്ടാക്കാൻ ശ്രമിച്ചു. അതിനും സാധിക്കുകയില്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ കരഞ്ഞുകൊണ്ട് വീട്ടിലൂടെ ഓടി നടന്നു.

അത്രയും ദുർബലയായ ഈ പെൺകുട്ടിയാണോ പിൽക്കാലത്ത് ലോകം മുഴുവൻ അറിയുന്ന ഹെലൻകെല്ലർ ആയും മാറിയതെന്ന് നമുക്ക് വിശ്വസിക്കാനാവുമോ..?

# വെളിച്ചം



വെളിച്ചം മരിക്കുന്ന

മനുഷ്യൻറെ ഉള്ളിലും

തമസ്സ് എന്ന വില്ലൻ

കീഴടക്കുന്ന ലോകം

നട്ടുച്ചയാണ് എന്നാലും

ലോകം മുഴുവൻ

അന്ധകാരത്തിന് പിടിയിലാണ്

കാലത്തിൻറെ

ആ അന്ധകാരത്തിൽ

നടുവിൽ ഇരിക്കുമ്പോൾ

സായാഹ്ന പത്രം എൻ

കൈ പിടിച്ചു

കേട്ടാൽ ഭയക്കുന്ന

കണ്ടാൽ നടുങ്ങുന്ന

ക്രൂരമായ മർദ്ദനങ്ങളെ,

സ്വന്തം പുത്രനോട്
മനുഷ്യത്വം അറ്റ് ഒരു

പിതാവ് ഫണം വിടർത്തും

നാഗമായി......

എൻ ഇടനെഞ്ചിൽ ഒരു തേങ്ങൽ

കണ്ണുനീർ വീണപ്പോൾ

അന്ധകാരത്തിൻ ആഴവും

വർധിച്ചു......

# കിനാവുകളിൽ ജീവിക്കുന്ന മനുഷ്യൻ

മനുഷ്യൻറെ സ്വഭാവം 40 ശതമാനം പാരമ്പര്യവും ബാക്കി അവൻ ആർജ്ജിച്ചെടുക്കുന്ന തുമാണ് .മനശാസ്ത്ര പഠനങ്ങൾ പറഞ്ഞുതരുന്ന എന്തുതന്നെയായാലും മനുഷ്യൻ വളർന്നുവരുന്ന പരിസ്ഥിതിയാണ് അവനെ വാർത്തെടുക്കുന്നത്. സ്വപ്നങ്ങള് ആഗ്രഹങ്ങളും പ്രതീക്ഷകളും പ്രത്യാശകളും ആണ് മനുഷ്യജീവിതത്തെ മുന്നോട്ട് നയിക്കുന്നത്. ജീവിതത്തിലുടനീളം മനുഷ്യന് ഊർജ്ജം നൽകുന്നതും ഈ കാര്യങ്ങളാണ്. മനുഷ്യൻ കുഞ്ഞുനാളിലെ മറ്റുള്ളവരെ അനുകരിക്കാനും മാറ്റങ്ങൾ ഉൾക്കൊള്ളാനുമുള്ള തര പ്രകടിപ്പിക്കുന്നു .ഇത് ജീവിത അവസാനം വരെ നിലനിൽക്കുന്ന ഒരു പ്രക്രിയയാണ്. ഏതൊരു വസ്തുവും സ്വന്തമാക്കാനും അവൻറെ സാധനങ്ങൾ മറ്റുള്ളവർക്ക് നൽകാതിരിക്കാനുള്ള സ്വഭാവവിശേഷം മനുഷ്യനിൽ ഉണ്ടാകുന്നത് നടക്കാൻ കഴിയുന്നതിനും മുൻപാണ്.

സാമൂഹികജീവിതം പിന്നീട് അവരെ വിട്ടുവീഴ്ചകൾക്കും പങ്കുവയ്ക്കലുകൾ ക്കും പ്രാപ്തമാക്കും .എങ്കിലും അവൻറെ ആഗ്രഹങ്ങളും സ്വപ്നങ്ങളും കൂടുതൽ ശക്തമാവുകയും അവ കാരണം ജീവിതത്തിൻറെ ആസ്വാദനം നഷ്ടപ്പെട്ട നിരാശയുടെ ലോകത്ത് ജീവിക്കുന്നവരുമായി മാറും. ഏതൊമുയലുകൾ സത്യത്തിൽ അടയാളമാണ്. മുയൽ വൃദ്ധ സന്യാസിയുടെ ധാന്യം മോഷ്ടിച്ച തെറ്റ് ഏറ്റുപറഞ്ഞു. ഇനിയൊരിക്കലും മോഷ്ടിക്കൽ എന്ന് വാക്കുകൊടുത്തു അവൻ നടന്നുമറഞ്ഞു.........രുമനുഷ്യനും ഉണ്ടാകും ആഗ്രഹങ്ങളും സ്വപ്നങ്ങള്. പക്ഷേ ബുദ്ധി

പരിമിതികളും വളർച്ചയും ഇല്ലാതെ ജനിക്കുന്ന കുറെയേറെ കുഞ്ഞുങ്ങളുണ്ട് ഈ ലോകത്ത്. ഇത്തരം പ്രശ്നങ്ങൾ ഇല്ലാത്ത മുഴുവൻ മനുഷ്യർക്കും മുമ്പുപറഞ്ഞ മുഴുവൻ പ്രത്യേകതകളും മനസ്സുമുണ്ട്.

# മണ്ടൻ

10 സെൻററ് സ്ഥലം അയാൾ വാങ്ങിച്ചു. മുഴുവൻ മരവും വേരോടെ മുറിച്ചുമാറ്റി.... 6 സെൻറിൽ വീട് വച്ചു. ബാക്കി 4 സെൻറിൽ പുല്ലുപോലും മുളക്കാതിരിക്കാൻ ഇൻററർലോക്ക് ഇഷ്ടിക നിരത്തി, മുറ്റം വൃത്തിയാക്കി.....

എന്നിട്ട് അയാൾ പെയ്യാൻ മറന്ന മാനം നോക്കി നിലവിളിച്ചു.......

" മഴ പെയ്യുന്നില്ല"........

അയാൾ നമ്മിൽ പലരും ആണ്.....

ഉണക്ക പുല്ലുകളും കരിയിലകളും ചെയ്യുന്ന സേവനം ആരറിയുന്നു...?

അവ........

ഭൂമിക്കുമേൽ പ്രകൃതി തീർത്ത ജൈവ ആവരണം....

വേനലിൽ മണ്ണ് ഉണങ്ങാതിരിക്കാൻ.....

ഭൂമിയിലെ നനവ് വറ്റാതിരിക്കാൻ.....

മണ്ണിലെ അസംഖ്യം ജീവികൾ ഇല്ലാതെ ആകാതിരിക്കാൻ

അന്തരീക്ഷത്തിലേക്ക് പൊടി പടരാതിരിക്കാൻ

കന്നി മഴപെയ്യുമ്പോൾ ജലം ഒരു സ്പോഞ്ച് പോലെ വലിച്ചെടുത്ത് ഭൂമിയെ കുടിപ്പിക്കാൻ.....

കിണറുകൾ വീണ്ടും നിറയ്ക്കാൻ ....

മണ്ണ് തണുപ്പിക്കാൻ.....

വേരുകൾക്ക് ജലം ലഭ്യമാക്കാൻ.....

മണ്ണിലെ സൂക്ഷ്മജീവികളുടെ വളർച്ചയ്ക്ക് സഹായകമാകാൻ.....

സ്നേഹത്തിനെയും സമാധാനത്തിനും പാഠങ്ങളാണ്.....

എല്ലാത്തിനും വഴികാട്ടിയായ അവളെ

ഉപദ്രവിക്കുന്ന മനസ്സ് കാണുമ്പോൾ

ഓരോ മിഴിനീർ മുത്തുകളും

ക്ഷമയുടേത് മാത്രം.......

വരളുന്ന തൊണ്ടയ്ക്കും

വിളയുന്ന മണ്ണിനും അവൾ ദാഹജലമായി,

പാറകളിലൂടെ പൊട്ടിയൊലിച്ച വൾ

നീർച്ചാലിലേക്ക് വഴുതി വീഴുമ്പോൾ Start

സ്വപ്നങ്ങളുടെ കൂടാരം തന്നെ പണിതു

നീന്തിക്കളിക്കുന്ന മത്സ്യങ്ങൾ,

ക്രോം ക്രോം കരയുന്ന തവളകൾ

പക്ഷേ, ഒടുവിൽ അവൾക്കുമുന്നിൽ...

ആയിരമായിരം ദ്രോഹികൾ

പ്ലാസ്റ്റി ക്കൻ കെട്ടുകൾ കൊണ്ടവളെ

ശവ മാക്കി മൂടുന്നു.....

അവൾ ഒഴുക്കിയ ജീവിതത്തിൽ മാതൃക

ലോകത്തിൻ മാതൃക നിരർത്ഥകമാകുന്നു.....

# ശങ്കരൻ നമ്പൂതിരിപ്പാട്



ജനനം: 1909 ജൂൺ 14
മരണം: 1998 മാർച്ച് 19

കേരളത്തിലെ ആദ്യ മുഖ്യമന്ത്രിയായ ഇ൱ എം എസ്. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, ഏലംകുളം മനയിലാണ് ജനിച്ചത്. കോളേജിൽ പഠിക്കുമ്പോൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായിരുന്ന അദ്ദേഹം സ്റ്റേറ്റ് കോൺഗ്രസ് സെക്രട്ടറി, അഖിലേന്ത്യാ കോൺഗ്രസ് കമ്മറ്റിയംഗം, യോഗ ക്ഷേമ സഭയുടെ യുവജന നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.1937- ൽ മദ്രാസ് അസംബ്ലിയിൽ അംഗമായി. പിന്നീട്

കോൺഗ്രസ്സിൽ നിന്നും ഇഎംഎസ് 1941- ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കമ്മറ്റിയിൽ എത്തി.

1957 ഏപ്രിൽ 5 ന് ഇഎംഎസ് കേരളത്തിൽ വോട്ടിങ്ങിലൂടെ അധികാരത്തിലെത്തുന്ന ആദ്യ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയായി.

1959- ൽ ഇഎംഎസ് മന്ത്രിസഭ രാഷ്ട്രപതി പിരിച്ചുവിട്ടു.1967 -ൽ ഇഎംഎസ് രണ്ടാമതും മുഖ്യമന്ത്രിയായി.

# സന്യാസിയുടെ ചങ്ങാതിമാർ



ടിബറ്റിലെ ഒരു മലയോരത്ത് വൃദ്ധനായ ഒരു ബുദ്ധഭിക്ഷു സന്യാസജീവിതം

നയിച്ചിരുന്നു. ഒരു മുയലും എലിയും ആണ് സന്യാസിക്ക് ആകെയുള്ള

ചങ്ങാതിമാർ. അവർ നിത്യവും മൺകുടിലിൽ വന്ന അദ്ദേഹത്തോടൊപ്പം സമയം

ചെലവ്ചലവിട്ടുമായിരുന്നയിരുന്നു. ഭക്ഷണ

സമയമായാൽ എന്നും അവരെ കൂടെ കഴിക്കാൻ ക്ഷണിക്കാറുണ്ട്. പക്ഷേ, അവർ

പറയും" കഷ്ടപ്പെട്ട് അന്ന് സമ്പാദിച്ച ഭക്ഷണത്തിൽനിന്ന് ഞങ്ങൾ കൂടി പങ്ക

പറ്റുന്നത് ശരിയല്ല. ക്ഷാമകാലത്ത് അങ്ങേയ്ക്ക് തികയാതെ വരും." എലി പറഞ്ഞു."

ഞങ്ങളുടെ അന്നം ഞങ്ങൾ തന്നെ കണ്ടെത്തി കൊള്ളാം". മുയൽ പറഞ്ഞു. അവർ

കാണിക്കുന്ന സ്നേഹത്തിലും പാലിക്കുന്ന മര്യാദയിലും ഭിക്ഷു ഏറെ

സന്തുഷ്ടനായി. ഒരുദിവസം സന്യാസി ധാന്യ പാത്രം പരിശോധിച്ചപ്പോൾ അടിയിൽ അൽപ്പം മാത്രം. ഞാനൊറ്റയ്ക്ക് ഉപയോഗിച്ചാൽ ഇത്രയും തീർന്നു പോകില്ലല്ലോ. ഇതെങ്ങനെ സംഭവിച്ചു? എലിയും മുയലും അല്ലാതെ മറ്റാരും കുടിലിൽ വരുന്നതായി അദ്ദേഹം കണ്ടിട്ടില്ല. കള്ള ആരെന്നു കണ്ടുപിടിക്കണം .... സന്യാസി തീരുമാനിച്ചു. അന്നുരാത്രി അദ്ദേഹം പതിവുപോലെ ഉറങ്ങാൻ കിടന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ ആരോ പതുങ്ങിപ്പതുങ്ങി വരുന്നു. ശ്രദ്ധിച്ചു നോക്കിയപ്പോൾ ഞെട്ടിപ്പോയി. എലിയും മുയലും പതുങ്ങി ചെല്ലുന്നു. പാത്രത്തിൽനിന്ന് കൈ നിറച്ചും ധാന്യം വാരി കൊണ്ടുപോകുന്നു. ഭിക്ഷു ഒന്നും മിണ്ടിയില്ല. പക്ഷേ, വിശ്വസിക്കുന്നവർ കാണിച്ച് വഞ്ചന അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. പിന്നെ അദ്ദേഹം കെണി ഒരുക്കി . എലിയും മുയലും കെണിയിൽ അകപ്പെട്ടു. ശബ്ദംകേട്ട് സന്യാസി വിളക്കു കൊളുത്തി. രണ്ടു കള്ളന്മാരെയും പിടിച്ച് രണ്ടു കള്ളന്മാരെയും പിടിച്ചു വാലും മീശയും വെട്ടിക്കളഞ്ഞു. "ഇതു വലിയ ചതിയായിപ്പോയി". മുയൽ പറഞ്ഞു.

" അപ്പോൾ എൻറെ ധാന്യം മോഷ്ടിച്ചത് ചതിയല്ലേ?" ഭിക്ഷു ചോദിച്ചു. " ഞങ്ങളോ " ?എലി മുയലിനെയും മുയലിനെയും ഭിക്ഷുവിനെയും മാറിമാറി നോക്കി അത്ഭുതത്തോടെ ചോദിച്ചു." മണ്ണിൽ പണിയെടുത്ത് ജീവിക്കുന്നവരാണ് ഞങ്ങൾ. കള്ളവും ചതിയും വിശ്വാസവഞ്ചനയും ചെയ്യുന്നവരല്ല". മുയൽ പറഞ്ഞു. മഴക്കാലത്ത് താങ്കൾക്ക് ഭക്ഷണത്തിനുള്ള ധാന്യം തികയുമോ എന്നു നോക്കുവാൻ ആണ് ഞങ്ങൾ വന്നത്. മോഷ്ടിക്കുവാ നല്ല. എലി

പറഞ്ഞു. എത്രയോ കാലമായി നമ്മൾ അടുത്ത ചങ്ങാതിമാരാണ്. സുഹൃത്തുക്കളെ സംശയിച്ചത് തന്നെ തെറ്റ് ആയിപ്പോയി. അവർ കുറ്റപ്പെടുത്തി. സുഹൃത്തുക്കളെ കെണിയിൽ പെടുത്തുന്ന ഇയാളോട് കൂട്ടില്ല. എലിയും മുയലും ദേഷ്യത്തോടെ ഇറങ്ങിപ്പോയി. വാലും മീശയും പോയത് രണ്ടാൾക്കും വലിയ നാണക്കേടായി. എല്ലാവരും കളിയാക്കിയപ്പോൾ എലിയുടെ കോപം കത്തിക്കയറി. അവൻ മൂഷിക രാജാവിനെ കണ്ട് പരാതി ബോധിപ്പിച്ചു" ഞാൻ ധാന്യ മോഷ്ടിച്ചു എന്ന് പറഞ്ഞാണ് വാലും മീശയും മുറിച്ചത്. ഇത് എലി വംശത്തിനു തന്നെ നാണക്കേടാണ്". രാജാവ് തലകുലുക്കി സമ്മതിച്ചു. ശരിയാണ്, പക്ഷേ നമ്മുടെ സൈന്യത്തിന് ഒറ്റയ്ക്ക് വൃദ്ധ സന്യാസിയെ കീഴ്പ്പെടുത്താൻ ആവില്ല. നമുക്ക് മുയൽ സൈന്യത്തിൻറെ കൂടി സഹായം തേടാം. രാജാവ് ഉടൻതന്നെ മുയൽ രാജാവിനുള്ള സന്ദേശവുമായി ദൂതന്മാരെ അയച്ചു. ധാന്യശേഖരം പരിശോധിക്കാൻ ഇരുട്ടിൻറെ മറവിൽ പാത്തും പതുങ്ങിയും അല്ല പോകേണ്ടത്. അന്യായ ത്തിന് കൂട്ടുനിൽക്കാൻ മുയൽ പടയെ കിട്ടില്ല. രാജാവ് പറഞ്ഞു. മോഷണത്തിന് പേരുകേട്ടവരാണ് എലികൾ. മുയലുകൾ മുയലുകൾ സത്യത്തിൽ അടയാളമാണ്. മുയൽ വൃദ്ധ സന്യാസിയുടെ ധാന്യം മോഷ്ടിച്ച തെറ്റ് ഏറ്റുപറഞ്ഞു. ഇനിയൊരിക്കലും മോഷ്ടിക്കൽ എന്ന് വാക്കുകൊടുത്തു അവൻ നടന്നുമറഞ്ഞു.........





# വൃഴ



സ്നേഹത്തിനെയും സമാധാനത്തിനും പാഠങ്ങളാണ്......

എല്ലാത്തിനും  വഴികാട്ടിയായ  അവളെ

ഉപദ്രവിക്കുന്ന മനസ്സ കാണുമ്പോൾ

ഓരോ  മിഴിനീർ മുത്തുകളും

**ക്ഷമയുടേത് മാത്രം.......**

**വരളുന്ന തൊണ്ടയ്ക്കും**

**വിളയുന്ന മണ്ണിനും അവൾ ദാഹജലമായി,**

**പാറകളിലൂടെ പൊട്ടിയൊലിച്ച വൾ**

**നീർച്ചാലിലേക്ക് വഴുതി വീഴുമ്പോൾ**

**സ്വപ്നങ്ങളുടെ കൂടാരം തന്നെ പണിതു**

**നീന്തിക്കളിക്കുന്ന മത്സ്യങ്ങൾ,**

**ക്രോം ക്രോം കരയുന്ന തവളകൾ**

**പക്ഷേ, ഒടുവിൽ അവൾക്കുമുന്നിൽ...**

**ആയിരമായിരം ദ്രോഹികൾ**

**പ്ലാസ്റ്റി ക്കൻ കെട്ടുകൾ കൊണ്ടവളെ**

**ശവ മാക്കി മൂടുന്നു.....**

**അവൾ ഒഴുക്കിയ ജീവിതത്തിൽ മാതൃക**

**ലോകത്തിന് മാതൃക നിരർത്ഥകമാകുന്നു.....**

# ശബ്ദത്തിന് പിന്നിൽ

ഇലക്ട്രിക് ബൾബ് വീണുടയുമ്പോൾ എന്തുകൊണ്ടാണ് ശബ്ദം ഉണ്ടാകുന്നത്?

ബൾബിനുള്ളിൽ വായുവില്ല. ഉള്ളിൽ ഉണ്ടായിരുന്ന വായു ബൾബ് നിർമ്മാണവേളയിൽ നീക്കം ചെയ്തിരിക്കും. തന്നിമിത്തം ബൾബിനുള്ളിലെ ശൂന്യം സംജാതമാകുന്നു.

ബൾബ് വീണുടയുമ്പോൾ അതിനുള്ളിലെ ശൂന്യതയിലേക്ക് പുറത്തുനിന്നും എല്ലാ വശങ്ങളിൽ നിന്നും വായു ഊക്കോടെ തള്ളിക്കയറുന്നു. വായുവി ൻറെ ഈ തള്ളിക്കയറ്റമാണ് പൊട്ടിത്തെറിയായി നാം കേൾക്കുന്നത്. വായുവിനെ ശക്തിയായ ചലനം പൊട്ടിത്തെറിയായി അനുഭവപ്പെടും. ഉദാഹരണം ഇടിവെട്ട് തന്നെ.....

# കുരങ്ങൻറെ ചരിത്ര വിശേഷങ്ങൾ



പല  നിലയിലും മനുഷ്യനോട് സാദൃശ്യമുള്ള സസ്തനി ആണ് കുരങ്ങ്. ഇവയുടെ ബുദ്ധിശക്തിയും മറ്റു മൃഗങ്ങളെ അപേക്ഷിച്ച് മികച്ചതാണ്. കാടാണ് വാസസ്ഥലം എങ്കിലും നാട്ടിൽ കൂട്ടംകൂട്ടമായി കഴിയുന്നവരും ഇവരിലുണ്ട്.

മനുഷ്യരോട് സാമ്യതയുള്ള ജീവിയാണ് കുരങ്ങ് എന്നതിനാൽ മനുഷ്യർ ഉൾപ്പെടുന്ന പ്രൈമേറ്റ് വർഗ്ഗത്തിലാണ് ഇവഉൾപ്പെടുന്നത്. യമന് കാർ പഴയകാലം മുതൽ അവരുടെ നിത്യ ജോലികളിൽ സഹായിക്കാൻ വേണ്ടി കുരങ്ങനെ പരിശീലനം നൽകിയിരുന്നു. കൃഷി സ്ഥലത്തും മറ്റും കാവൽക്കാരനായും സംരക്ഷകനായും കുരങ്ങന്മാർ തിളങ്ങിനിന്നു. മനുഷ്യരെപ്പോലെ ചിരിക്കുന്ന ഇവർ വെള്ളത്തിൽ വീണാൽ  നീന്തൽ  വശം ഉള്ളവർക്ക്  നീന്തി കയറാൻ ആവു   എന്നതും  മനുഷ്യരോടുള്ള  ആഴമേറിയ സാമ്യതയാണ് കാണിക്കുന്നത്.  ഇലയും തണ്ടും  കായയും ചെറുപ്രാണികളും ആണ് ഇവയുടെ ആഹാരം. ഏകദേശം  ഇരുന്നൂറോളം ഇനം കുരങ്ങു വർഗങ്ങൾ ആണ് കണക്കാക്കപ്പെടുന്നത്.

# ഗണിത കഥ

പ്രതി ഭാസമ്പന്നരായ കലാകാരന്മാരെയും സാഹിത്യകാരന്മാരെയും ശാസ്ത്രജ്ഞന്മാരെയും ആദരിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ആനന്ദം കണ്ടെത്തിയ രാജാവ്ആയിരുന്നു വീരേന്ദ്രൻ. അദ്ദേഹത്തിൻറെ മകൾ കൗസല്ല്യ ക്ക് വിവാഹപ്രായമായപ്പോൾ അനേകം രാജകുമാരന്മാർ വിവാഹാഭ്യർത്ഥനയുമായി കൊട്ടാരത്തിലെത്തി. എന്നാൽ രാജാവ് ഒരു മത്സരം സംഘടിപ്പിക്കുകയാണ് എന്നും വിജയിക്ക് മകളെ വിവാഹം ചെയ്തു തരാമെന്നും അറിയിച്ചു.

മത്സരദിവസം അനേകം രാജകുമാരന്മാരും ഗണിതശാസ്ത്ര കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നവരും എത്തി. എല്ലാവരെയും അഭിസംബോധന ചെയ്തുകൊണ്ട് രാജാവ് പറഞ്ഞു." എൻറെ പുത്രിയുടെ ഭർത്താവ് ബുദ്ധിമാനും ക്രാന്തദർശിയും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഇങ്ങനെയൊരു മത്സരം സംഘടിപ്പിച്ചത്." ഹാളിന് ഒരു ഭാഗത്തേക്ക് ചൂണ്ടിക്കൊണ്ട് രാജാവ് തുടർന്നു......

ആ വേദിയിൽ നിരത്തി വച്ചിരിക്കുന്ന 10 സഞ്ചികളും ഒരു ത്രാസും കുറേ കട്ടികളും നിങ്ങൾ കാണുന്നില്ലേ...? ആ സഞ്ചികളിൽ സ്വർണ്ണനാണയങ്ങൾ ആണുള്ളത്. ഒരേ വലിപ്പത്തിലുള്ള നാണയങ്ങൾ. എല്ലാ നാണയങ്ങളും 5 ഗ്രാം വീതമുള്ള തൂക്കങ്ങൾ ആണ്.

# പിരിയുന്ന കൂട്ടുകാർ

അടുത്ത ജൂണിൽ വീണ്ടും മഴ പെയ്തേക്കാം പക്ഷേ കുടചൂടി കൂട്ടുകാരോടൊത്ത് മഴനനഞ്ഞ് സ്കൂളിൽ വരാൻ ഇനി ഞങ്ങൾ ഉണ്ടാകില്ല. വിടപറയുന്ന നിമിഷം ഞങ്ങൾ ഇവിടെ ബാക്കിവയ്ക്കുന്നത് ഒരുപിടി നല്ല ഓർമ്മകളും മനസിൽനിന്നും മായാത്ത ഒരുപാടു മുഖങ്ങളും പിന്നെ ഞങ്ങളുടെ സഹയാത്രികരെയും...... ഞങ്ങൾ പടിയിറങ്ങുന്നത് ഞങ്ങളെ ഞങ്ങൾ ആക്കിമാറ്റിയ അധ്യാപകരോടുള്ള സ്നേഹവും നന്ദിയും പ്രാർത്ഥനയും നിറഞ്ഞ മനസ്സോടെയാണ്. ഈ നിമിഷം ഈ പടികൾ ഇറങ്ങുന്നത് ഞങ്ങൾ തനിച്ചു മാത്രമുള്ള ഒരു യാത്ര യിലേക്കാണ്. കൂടെ ജീവന് തുല്യം സ്നേഹിച്ച സുഹൃത്തുക്കളില്ല, വഴിയിലുടനീളം എൻറെ കൂടെ അവരുടെ സുഖമുള്ള ഓർമ്മകൾ ഉണ്ടാവും.

വിധിയെ തടുക്കാൻ ആവില്ല. ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക് പറക്കുമ്പോഴും നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും ലോകത്ത് തനിച്ചിരിക്കുമ്പോൾ ഞങ്ങൾ ഓർക്കും ഈ വിദ്യാലയം അതിലെ ഓരോ നിമിഷവും. ഞങ്ങൾ പിന്നിട്ട വഴികൾ ഞങ്ങളെ വല്ലപ്പോഴും സ്മരിക്കാൻ ഞങ്ങളിവിടെ ബാക്കി വയ്ക്കുകയാണ് ഈ കുറിപ്പുകൾ.......

ഞങ്ങൾ എന്നന്നേക്കുമായി പടിയിറങ്ങുമ്പോൾ നാളെ ഞങ്ങൾ എത്ര ഉയരങ്ങളിൽ എത്തിയാലും അതിനുവേണ്ടി ഞങ്ങളുടെ വഴിയിൽ ദീപം തെളിച്ച പ്രിയ അധ്യാപകരോടുള്ള നിറഞ്ഞ സ്നേഹവും ....... അവർ എന്നും പ്രകാശിക്കട്ടെ എന്ന പ്രാർത്ഥനയോടെ.........

2018- 19 അതിന് വർഷത്തിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾ.....